ENTRI

1 Crore User Downloads

# CURRENT AFFAIRS

## 24 OCT 2024

▷ **ഐക്യരാഷ്ട്ര ദിനം**

**ഒക്ടോബർ 24**

- ഐക്യരാഷ്ട്രസഭ ചാർട്ടർ പ്രാബല്യത്തിൽ വന്ന 1945 ഒക്ടോബർ 24 നു ഐക്യരാഷ്ട്രസഭ നിലവിൽ വന്നു. ഐക്യരാഷ്ട്രസഭ (UN) സ്ഥാപിതമായതിന്റെ ഓർമ്മപ്പെടുത്തലിനാണ് എല്ലാ വർഷവും ഒക്ടോബർ 24 ന് ലോകം ഐക്യരാഷ്ട്രദിനമായി ആചരിക്കുന്നത്.

---

▷ **'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യവുമായി സംസ്ഥാന സർക്കാർ ആരംഭിച്ച സംയോജിത പോർട്ടൽ**



**എന്റെ ഭൂമി**

- റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകൾചേർന്നാണ് സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം നടപ്പാക്കുന്നത്.

---

▷ **യുപിഐ ലൈറ്റ് വാലറ്റിൽ സൂക്ഷിക്കാവുന്ന പരമാവധി തുക**

**5000**

- 2024 ഒക്ടോബറിൽ ആർബിഐ യുപിഐ ലൈറ്റ് വാലറ്റ് പരിധി നിലവിലെ 2,000 രൂപയിൽ നിന്ന് 5,000 രൂപയായി ഉയർത്തി.
- കൂടാതെ വിവിധ ഇടപാടുകളിലൂടെ, ഒരു ദിവസം കൈമാറാൻ കഴിയുന്ന തുകയുടെ മൊത്തത്തിലുള്ള പരിധി 500 രൂപയിൽ നിന്ന് 1,000 രൂപയായി ഉയർത്തി.

---

▷ **2024 ഒക്ടോബറിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഗുജറാത്തിലും കേന്ദ്രഭരണ പ്രദേശമായ ദാമൻ & ദിയുവിലും വിജയകരമായി നടത്തിയ തീരദേശ സുരക്ഷാ അഭ്യാസം**




**സാഗർ കവച്**

---

▷ **സംസ്ഥാനത്ത് പ്രീസ്കൂൾ മേഖലയിൽ ശാസ്ത്രീയ പരിശീലനം നേടിയ ആയമാരെ വാർത്തെടുക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച പുതിയ കോഴ്സ്**

**ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആൻഡ് പ്രീസ്കൂൾ മാനേജ്മെന്റ്**

- സംസ്ഥാന സർക്കാറിന്റെ നാലാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി  പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ്  ലൈഫ് ലോങ് എജ്യുക്കേഷൻ-കേരള (സ്കോൾ-കേരള) ആണ് കോഴ്സ് നടപ്പാക്കുന്നത്.

SCOLE KERALA